കേരള സർക്കാർ
ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

No. 1779/എ2/2013/ശാ.സാ.വ. ശാസ്ത്ര ഭവൻ, പട്ടം
തിരുവനന്തപുരം-4, തീയതി : 16.11.2013

# സർക്കുലർ

വിഷയം:- ശാസ്ത്ര സാങ്കേതിക വകുപ്പ് - കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) - തീരദേശ പരിപാലന നിയമം കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) 1991-ലെയും, 2011-ലെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനം.
2) ശാസ്ത്ര സാങ്കേതിക (എ) വകുപ്പിന്റെ 26.01.2013 തീയതിയിലെ 1722/എ2/12/ശാ.സാ.വ. നമ്പർ സർക്കുലർ.

ഭാരത സർക്കാരിന്റെ 1991-ലെയും, 2011-ലെയും തീരദേശ പരിപാലന നോട്ടിഫിക്കേഷൻ മുഖേന CRZ പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വികസന / നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.moef.nic.in). ഇതിൻ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള CRZ പ്രദേശങ്ങളിൽ വികസന / നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ മുൻകൂർ അനുമതി വാങ്ങേണ്ടത് അനിവാര്യമാണ്. അല്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതവും, അത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്ന ഉദ്യോഗസ്ഥർ ഗുരുതരമായ കൃത്യവിലോപം നടത്തുന്നതായും കണക്കാക്കുന്നതാണ്.

എന്നാൽ ഇത്തരം വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും സംസ്ഥാനത്തെ തീരദേശ മേഖലകളിൽ CRZ വിജ്ഞാപനം അനുസരിക്കാതെയുള്ള നിർമ്മാണ / വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയും, ബഹുമാനപ്പെട്ട ഹൈക്കോടതിയും ശക്തമായ ഭാഷയിൽ താക്കീത് ചെയ്യുകയുമുണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 1991-ലും, 2011-ലും ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കൃത്യമായും, കാര്യക്ഷമമായും പരാതി കൂടാതെ

പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതീവ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിക്കുന്നു. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലും ബഹു. സുപ്രീംകോടതിയുടെയും, ബഹു. ഹൈക്കോടതിയുടെയും പരാമർശത്തിന്റെ വെളിച്ചത്തിലും CRZ നിബന്ധനകൾ പാലിക്കപ്പെടാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും **ഇതിനെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ഓർമ്മപ്പെടുത്തുന്നു.**

CRZ ക്ലിയറൻസിനുള്ള നടപടികൾ ഉൾക്കൊള്ളിച്ച്കൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സൂചന (2) സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി ഒരിക്കൽ കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (ടി. സർക്കുലർ *www.kerala.gov.in* എന്ന സർക്കാരിന്റെ വെബ്സൈറ്റിൽ Documents/GOs ലിങ്കിൽ GOs-ലും ലഭ്യമാണ്).

(ഒപ്പ്)
**വി.എൻ. രാജശേഖരൻ പിള്ള,**
**എക്സ് ഓഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി.**

ഉള്ളടക്കം:- സർക്കുലർ നം. 1722/എ2/12/ശാ.സാ.വ. dt. 26.01.2013.

റ്റു,

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ തുറമുഖ വകുപ്പ്.
ഡയറക്ടർ, സെസ്സ്, ആക്കുളം, തിരുവനന്തപുരം.
ജില്ലാ കളക്ടർമാർ. (with C/L)
പഞ്ചായത്ത് ഡയറക്ടർ. ,, (സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം സഹിതം
നഗരകാര്യ ഡയറക്ടർ. ,, ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി).
തീരദേശ മേഖലയിലെ എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/
മുനിസിപ്പാലിറ്റികൾക്കും. ........................................
ഡയറക്ടർ, പി.ആർ.ഡി-(പത്ര/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകുന്നതിനായി ).
പി.ആർ.ഡി-വൈബ് /മീഡിയ വിഭാഗം (വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന്).
മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-4. (അറിവിലേയ്ക്കായി).
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്-

All Members, KCZMA.
Additional Secretary to the Chief Secretary (for information).
P.A. to Ex-Officio Principal Secretary, Science & Technology Department.
P.A. to Chairman, KCZMA, Sasthra Bhavan, Pattom, Trivandrum-4.
P.A. to Member Secretary, KCZMA.
Joint Secretary, Science & Technology Department.
Under Secretary, Science & Technology Department.
Science & Technology (A-3) seat. & SF/OC.